(ഡി) സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1192/2012/പജ.പവ.വിവ. തീയതി 7-9-2012 പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാൻ &കൺവീനറും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതിവിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെതന്നെ ജില്ലാതലത്തിൽ വിലയിരുത്തലിനായി ജില്ലാകളക്ടർക്ക് നൽകുന്നുണ്ട്. എല്ലാമാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

പ്ലസ് ടു വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള ആനുകൂല്യങ്ങൾ

222 (6673) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്ടു-വിന് ശേഷമുള്ള ഉപരിപഠനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 വർഷത്തിൽ ഏതെല്ലാം ഉപരിപഠന കോഴ്സുകൾക്ക് ചേർന്ന വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകിയതെന്നും ഇതിനായി എത്രതുക വിനിയോഗിച്ചെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു-വിന് ശേഷമുള്ള ഉപരിപഠനത്തിന് അർഹമായ ഫീസിനുപുറമെ ലംസംഗ്രാന്റ്, സ്റ്റൈപ്പന്റ്/പോക്കറ്റ്മണി എന്നിവ നൽകിവരുന്നു.

(ബി) 2013-14 വർഷം വിവിധ ഡിഗ്രി കോഴ്സുൾ, പി.ജി. കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾ, പോളിടെക്നിക് കോഴ്സുകൾ തുടങ്ങി വിവിധ ഉപരിപഠന കോഴ്സുകൾക്ക് പ്രവേശനംനേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഈയിനത്തിൽ 2013-14 വർഷം ആകെ 18,42,65,673 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly